# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂണ്‍ 30, ചൊവ്വ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍--30]**

മറുപടി നല്‍കുന്ന മന്ത്രിമാര്‍

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
ജലവിഭവ വകുപ്പുമന്ത്രി
തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി
പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

### ജലപാതാ വികസനം

*61. ശ്രീ.പി.ശ്രീരാമകൃഷ്ണന്‍
,, പി.കെ.ഗുരുദാസന്‍
,, ഇ.പി.ജയരാജന്‍
ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തിലെത്തിയശേഷം നടത്തിയ ജലപാതാ വികസനം വിശദമാക്കാമോ ;

(ബി) കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം ജലപാതകളുടെ വികസന പുരോഗതി അറിയിക്കുമോ ;

(സി) കൊല്ലം-കോട്ടപ്പുറം ദേശീയജലപാതാ നിര്‍മ്മാണം 2013-14ല്‍ പൂര്‍ത്തിയാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത് നടപ്പിലായോ ; ഇല്ലെങ്കില്‍ കാരണമെന്തൊണ് ;

(ഡി) ദേശീയ ജലപാതക്കായി നടപ്പിലാക്കിയ കാര്യങ്ങള്‍ എന്തൊക്കെയെന്നും ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കാമോ ?

### കുടിവെള്ളം ശുദ്ധീകരിക്കാന്‍ സംവിധാനം

*62. ശ്രീ.എം.എ.ബേബി
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, ബി.സത്യന്‍
,, വി.ശിവന്‍കുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) തലസ്ഥാന നിവാസികൾക്ക് ശുദ്ധീകരിക്കാത്ത ജലമാണ് കഴിഞ്ഞ രണ്ടുവർഷമായി നല്കുന്നതെന്ന വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) തകരാറിലായ ശുദ്ധീകരണ പ്ലാന്റിന്റെ പുനർനിർമ്മാണം ഏത് ഘട്ടത്തിലാണ് ;

(സി) കുടിവെള്ള ശുദ്ധീകരണത്തിനായി എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ;

(ഡി) മലിനജലം വിതരണം ചെയ്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വകുപ്പിന്റെ ഇത്തരം പ്രശ്നങ്ങൾ അന്വേഷിക്കാൻ തയ്യാറാകുമോ ?

## ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

*63. ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.എസ്.ശർമ്മ

,, എം. ഹംസ

,, കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നടത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനം എന്തൊക്കെയായിരുന്നെന്ന് അറിയിക്കുമോ ; ഇതിൽ കേന്ദ്ര സഹായത്തോടെയും അല്ലാതെയും ചെയ്തവ പ്രത്യേകം അറിയിക്കുമോ :

(ബി) ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുകൊണ്ടും ഡോക്ടർമാരുടെ അഭാവംകൊണ്ടും ആവശ്യത്തിന് മരുന്ന് ലഭ്യമല്ലാത്തതിനാലും രോഗികൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്ന സാഹചര്യം നിലവിലുണ്ടോ ;

(സി) പ്രസ്തുത ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തു പദ്ധതിയാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ ?

## ഭൂഗർഭ ജലശോഷണം

*64. ശ്രീ.എം.ഉമ്മർ

,, റ്റി.എ.അഹമ്മദ് കബീർ

,, സി.മമ്മൂട്ടി

,, കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജല ലഭ്യതയുടെയോ ശേഖരത്തിന്റെയോ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളെ ക്ലാസിഫൈ ചെയ്തിട്ടുണ്ടോ; മൊത്തം ഭൂഗർഭ ജല വിഭവശേഷി കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഭൂഗർഭ ജല ശോഷണം കണക്കിലെടുത്ത് ഏതൊക്കെ പ്രദേശങ്ങളെ ക്രിട്ടിക്കൽ, ഓവർ എക്സ്പ്ലോയിറ്റഡ് എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ;

(സി) കാർഷിക-കാർഷികേതരാവശ്യങ്ങൾക്കായി കുഴൽക്കിണർ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനും കിണർ കുഴിക്കുന്നതിനുമുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ; സ്വകാര്യ -അന്യ സംസ്ഥാന ഏജൻസികൾക്ക് കിണർ കുഴിക്കാൻ അനുമതി നൽകുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ?

## പട്ടികജാതി കുടുംബങ്ങൾക്കുള്ള ഗൃഹനിർമ്മാണ പദ്ധതി

*65. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ)**

,, കെ.വി.വിജയദാസ്

,, പുരുഷൻ കടലുണ്ടി

,, എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് ഗൃഹനിർമ്മാണ പദ്ധതിയിൻ കീഴിൽ അനുവദിച്ച വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) അനുവദിച്ചതിൽ ഭൂരിഭാഗം വീടുകളുടെയും പണി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കുമോ ;

(സി) വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനായി പ്രത്യേക ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

## ഐ.ടി.ഐ കളിൽ വെർച്വൽ ക്ലാസ്സ് റൂം

*66. ശ്രീ.അൻവർ സാദത്ത്

,, ലൂഡി ലൂയിസ്

,, ഹൈബി ഈഡൻ

,, ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ കളിൽ വെർച്വൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) വെർച്വൽ ക്ലാസ്സ് റൂമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) വെർച്വൽ ക്ലാസ്സ് റൂമിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പിലാക്കുന്നത്; വിശദമാക്കുമോ?

## അത്യാവശ്യ മരുന്നുകളുടെ അഭാവം

*67. ശ്രീ.മാത്യു റ്റി.തോമസ്

ശ്രീമതി.ജമീലാ പ്രകാശം

ശ്രീ.ജോസ് തെറ്റയിൽ

,, സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആശുപത്രികളിൽ അത്യാവശ്യ സന്ദർഭങ്ങളിൽ നൽകാനുള്ള മരുന്നുകൾ പോലും ലഭ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2014-2015 സമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനു വേണ്ടി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് ; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ആയുഷ് വകുപ്പ്</u>

*68. ശ്രീ.കെ.അജിത്

,, വി.എസ്.സുനിൽ കുമാർ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതിയും ഇതര വിഭാഗങ്ങളും ചേർത്ത് ആയുഷ് വകുപ്പ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വകുപ്പിൽ ഏതെല്ലാം ചികിത്സാ വിഭാഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ആയുഷ് വകുപ്പ് രൂപീകരിക്കുന്നതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ദേശീയ ആയുഷ് മിഷനിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ ;എങ്കിൽ ഈ വർഷം എത്ര രൂപയുടെ ഏതെല്ലാം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>പകർച്ചവ്യാധികളുടെ നിയന്ത്രണവും പ്രതിരോധവും</u>

*69. ശ്രീ.ബി.സത്യൻ

,, ഇ.പി.ജയരാജൻ

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മെയ് പകുതി വരെ ഒമ്പതര ലക്ഷത്തോളം പേർക്ക് പനിയും മറ്റു പകർച്ചവ്യാധികളും ബാധിച്ചെന്ന ആരോഗ്യവകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നിയന്ത്രണ, പ്രതിരോധ മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ ;

(ബി) ശുചീകരണ പ്രവർത്തനത്തിലുണ്ടായ അനാസ്ഥയാണ് പകർച്ചവ്യാധികൾ വ്യാപിക്കാൻ കാരണമായതെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ ;

(സി) മഴക്കാല പൂർവ്വ ശുചീകരണത്തിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിൽ ആവശ്യാനുസരണം മരുന്നു ലഭ്യമാക്കാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ ?

## വിനോദ സഞ്ചാര വകുപ്പിന്റെ പദ്ധതികളിൽ ക്രമക്കേട്

*70. ശ്രീ.സി.ദിവാകരൻ

,, ജി.എസ്.ജയലാൽ

,, ഇ.കെ.വിജയൻ

,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പ് കേന്ദ്ര സഹായത്തോടെ നടപ്പാക്കിയ പദ്ധതികളിൽ വൻ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കേന്ദ്ര വിനോദ സഞ്ചാര വകുപ്പിന്റെ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ ;എങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) സാമ്പത്തിക ക്രമക്കേടുകൾക്ക് പുറമെ നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ്, പദ്ധതി നടപ്പാക്കാനെടുത്ത സമയം എന്നിവയിലും ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) പൊതുമേഖലയിൽ വിനോദ സഞ്ചാര രംഗത്തു വേണ്ടത്ര പുരോഗതി ഉണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## ജൻ ഔഷധി സെന്ററുകൾ

*71. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കാൻ കേരളത്തിൽ ജൻ ഔഷധി സെന്ററുകൾ ആരംഭിക്കുമെന്ന് കേന്ദ്ര കെമിക്കൽസ്ആൻറ് ഫെർട്ടിലൈസേഷ്സ് വകുപ്പ് മന്ത്രി എച്ച്.എൻ. അനന്തകുമാർ പ്രഖ്യാപിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനസർക്കാർ ഇതുമായി ബന്ധപ്പെട്ട്എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മരുന്നുകൾക്ക് 60% വരെ വിലക്കുറവ് ഉണ്ടാകുന്ന പ്രസ്തുത പദ്ധതി, ജില്ലാ, താലൂക്ക് ആശുപത്രികളിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

## ആയുർവ്വേദ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ പ്രസവ ശുശ്രൂഷാ പരിശീലനം

*72. ശ്രീ.കെ.എൻ.എ.ഖാദർ

,, എൻ .എ.നെല്ലിക്കുന്ന്

,, പി.ഉബൈദുള്ള

,, വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ നിലവിലുണ്ടായിരുന്ന പ്രസവ ശുശ്രൂഷാ പരിശീലന സൗകര്യം നിഷേധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) എല്ലാ വിഭാഗങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് നടപ്പാക്കിയ ഹോളിസ്റ്റിക് കാഴ്ചപ്പാട് ലോകം മുഴുവൻ സ്വീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിനു വിരുദ്ധമായ തീരുമാനമുണ്ടായിട്ടുണ്ടെങ്കിൽ അത് പുന:പരിശോധിക്കുമോ;

(സി) വൈദ്യ ശുശ്രൂഷാരംഗത്തെ എല്ലാ വിഭാഗങ്ങളെയും കൂട്ടിയിണക്കുന്നതിനും, ഓരോ വിഭാഗത്തിന്റെയും പ്രയോഗക്ഷമത ഉറപ്പുവരുത്താനുമുള്ള ഗവേഷണ നിരീക്ഷണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുമോ?

<u>സ്വാശ്രയ മേഖലയിലെ എം.ബി. ബി.എസ്. പ്രവേശനം</u>

*73. ശ്രീമതി.ഗീതാ ഗോപി

ശ്രീ.പി.തിലോത്തമൻ

,, ഇ.ചന്ദ്രശേഖരൻ

,, കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിലും പൊതു മേഖലയിലും എത്ര വീതം മെഡിക്കൽ കോളേജുകളുണ്ട് ;

(ബി) സ്വാശ്രയ മേഖലയിൽ എം.ബി.ബി.എസ്സിന് എത്ര സീറ്റുകളുണ്ട്; പൊതു മേഖലയിൽ എത്ര സീറ്റുകളുണ്ട് ;

(സി) എം.ബി. ബി.എസ്. പ്രവേശനം സംബന്ധിച്ച് മാനേജ്മെന്റുകളും സർക്കാരുമായി ഏതെങ്കിലും തരത്തിലുള്ള കരാർ ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) സർക്കാരും മാനേജുമെന്റുകളും തമ്മിൽ കരാറുണ്ടാക്കാത്ത സാഹചര്യത്തിൽ നൂറു ശതമാനം സീറ്റിലും മാനേജുമെന്റ് നേരിട്ട് പ്രവേശനം നൽകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>നിർമ്മാണ മേഖലയിലെ സ്തംഭനം</u>

*74. ശ്രീ.എളമരം കരീം

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.ബി.ഡി. ദേവസ്സി

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ തൊഴിലാളികൾ തൊഴിലില്ലായ്മ കാരണം കടുത്ത പ്രതിസന്ധിയിലാണെന്ന കാര്യം തൊഴിൽ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ;

(ബി) നിർമ്മാണ മേഖലയിലെ സ്തംഭനം പരിഹരിക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ ;

(സി) സർക്കാർ, കരാറുകാർക്ക് കുടിശ്ശിക വരുത്തിയതു കാരണം വിവിധ വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നതും അതിനാൽ തൊഴിലാളികൾ പ്രതിസന്ധിയിലാണ് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്ത് മാർഗ്ഗമാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

## പട്ടികജാതി പിന്നാക്ക വിഭാഗങ്ങൾക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

*75. ശ്രീ.റ്റി.യു. കുരുവിള

,, സി.എഫ്.തോമസ്

,, മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പിന്നാക്ക വിഭാഗങ്ങൾക്ക് നൽകി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും കാലോചിതവുമായി നടപ്പാക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കാമോ ;

(ബി) പട്ടികജാതി വികസന കോർപ്പറേഷനെയും പിന്നോക്ക വിഭാഗ കോർപ്പറേഷനെയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇവയിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടപടിക്രമം കൂടുതൽ ലളിതമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

## കുട്ടനാട് പാക്കേജ്

*76. ശ്രീ.ആർ. രാജേഷ്

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.ജി.സുധാകരൻ

,, എ.എം. ആരിഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പ് വിഭാവനം ചെയ്ത പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഓരോ പദ്ധികളുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പദ്ധതികൾ ഒന്നും പൂർത്തീകരിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ;

(സി) തുക അനുവദിക്കുന്നതിലും അനുവദിച്ച തുക വിനിയോഗിക്കുന്നതിലും വന്ന വീഴ്ചകൾ അവലോകനം ചെയ്തിട്ടുണ്ടോ;

(ഡി) പാക്കേജ് നടപ്പിലാക്കാനുള്ള സമയം കേന്ദ്രസർക്കാർ നീട്ടി നൽകിയിട്ടുണ്ടോ; അല്ലാത്തപക്ഷം

പദ്ധതി എങ്ങനെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികളും പഴങ്ങളും</u>

*77. ശ്രീ.പി.കെ.ഗുരുദാസൻ

,, വി.ശിവൻകുട്ടി

,, എ. പ്രദീപ്കുമാർ

,, സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മാരകവിഷം തളിച്ച പച്ചക്കറികളും പഴങ്ങളും തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നാണ് ഉറപ്പ് നല്കിയിരുന്നത്; ഇതിൽ ഏതൊക്കെ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മാരകവിഷം തളിച്ച പച്ചക്കറികളും പഴങ്ങളും തടയുവാൻ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത് ;

(സി) വിഷമയമായ സാധനങ്ങൾ വിൽക്കുന്ന മൊത്തക്കച്ചവടക്കാർക്കും മറ്റുമെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഡി) രാസവസ്തുക്കളുടെ സാന്നിദ്ധ്യം പരിശോധിക്കാനുള്ള സംവിധാനങ്ങൾ എവിടെയൊക്കെയാണ് ഉള്ളതെന്നും അതിനു വരുന്ന ചെലവ് എത്രയെന്നും അറിയിക്കുമോ?

<u>ഇടുക്കി ഡാമിന്റെ സുരക്ഷയെക്കുറിച്ചുള്ള കേന്ദ്ര ജല കമ്മീഷന്റെ പഠന റിപ്പോർട്ട്</u>

*78. ശ്രീ.വി.എസ്.സുനിൽ കുമാർ

,, ഇ.ചന്ദ്രശേഖരൻ

,, പി.തിലോത്തമൻ

ശ്രീമതി.ഇ.എസ്.ബിജിമോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ഡാമിന്റെ സുരക്ഷയെക്കുറിച്ചുള്ള കേന്ദ്ര ജല കമ്മീഷന്റെ പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിലെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വെള്ളം നിറയുമ്പോൾ ഡാമിന്റെ പുറത്തേയ്ക്കുള്ള തള്ളലിൽ വ്യത്യാസമുണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഡാമിന്റെ കോൺക്രീറ്റ് ബ്ലോക്കുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിലെ നിഗമനങ്ങൾ വെളിപ്പെടുത്തുമോ?

<u>മുല്ലപ്പെരിയാർ ഡാം</u>

*79. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ മേൽനോട്ട സമിതി എന്നാണ് അവസാനമായി യോഗം ചേർന്നതെന്ന് വ്യക്തമാക്കാമോ; മേൽനോട്ട സമിതി യോഗം ചേരുന്നതിൽ കാലവിളംബം ഉണ്ടായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) മുല്ലപ്പെരിയാറിനെ സംബന്ധിക്കുന്ന ഫയൽ സെക്രട്ടേറിയറ്റിലെ രഹസ്യ ഫയലുകൾ സൂക്ഷിക്കുന്ന സെക്ഷനിലാണോ സൂക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മുല്ലപ്പെരിയാറിനെക്കുറിച്ചുള്ള ക്യാബിനറ്റ് തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന ഫയൽ അതതു സമയങ്ങളിൽ , മുമ്പ് ചോർന്നത് പരിഗണിച്ച്, രഹസ്യമായി സൂക്ഷിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) 144 അടി വെള്ളം ശേഖരിച്ചിട്ടും അണക്കെട്ടിന് കുഴപ്പങ്ങൾ ഒന്നും സംഭവിക്കുന്നില്ലെന്ന കാരണത്താൽ സംഭരണ ശേഷി 154 അടിയായി വർദ്ധിപ്പിയ്ക്കണമെന്ന ആവശ്യവുമായി സുപ്രീംകോടതിയെ സമീപിയ്ക്കാനുള്ള തമിഴ്നാടിന്റെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കുന്നതെന്ന് വെളിപ്പെടുത്താമോ?

<u>ആശുപത്രികളിൽ ലാബുകൾ നിർമ്മിക്കാൻ നടപടി</u>

*80. ശ്രീ.രാജു എബ്രഹാം

,, കെ.രാധാകൃഷ്ണൻ

,, സി.കൃഷ്ണൻ

ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ എത്തുന്ന സാധാരണക്കാർ സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) താഴെതട്ടിലുള്ള ആശുപത്രികളിൽ മാത്രമല്ല, മെഡിക്കൽ കോളേജുകളിൽ പോലും അത്യാവശ്യ രോഗ നിർണ്ണയ പരിശോധനയ്ക്കായി സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഡോക്ടർമാരിൽ ചെറുതല്ലാത്ത ഒരു വിഭാഗം നിശ്ചിത സ്വകാര്യ ലാബുകളിൽ തന്നെ പരിശോധിക്കണമെന്ന് രോഗികളോട് ആവശ്യപ്പെട്ട് സർക്കാർ ആശുപത്രികളിലെ സൗകര്യമില്ലായ്മ പണസമ്പാദനത്തിനുള്ള മാർഗ്ഗമാക്കി മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത സാഹചര്യത്തിന് അറുതി വരുത്താൻ പ്രാഥമികാരോഗ്യകേന്ദ്രം മുതലുള്ള സർക്കാർ ആശുപത്രികളിൽ ലാബുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

<u>കുടിവെള്ള പദ്ധതികൾ</u>

*81. ശ്രീ.മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, സി.എഫ്.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തിലിരിക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) എല്ലാ നഗരസഭകളിലും കോർപ്പറേഷൻ അതിർത്തിയിലുള്ള കടലോര മേഖലകളിലും ജപ്പാൻ കുടിവെള്ള പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

<u>പട്ടികജാതിക്കാരുടെ വായ്പാ കുടിശ്ശിക</u>

*82. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, പി.സി വിഷ്ണുനാഥ്

,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ വായ്പാ കുടിശ്ശികമൂലം പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വായ്പകളും കുടിശ്ശികയും എഴുതിത്തള്ളുന്നതിന് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

<u>ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റ്</u>

*83. ശ്രീമതി.ജമീലാ പ്രകാശം

ശ്രീ.മാത്യു റ്റി.തോമസ്

,, സി.കെ.നാണു

,, ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ആശുപത്രികളിലാണ് സ്പെഷ്യാലിറ്റി യൂണിറ്റോടു കൂടിയ ചികിത്സാ സമ്പ്രദായം ഏർപ്പെടുത്താൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് അനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നാളിതുവരെ നടത്തിയിട്ടുള്ളത്;വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>അന്യസംസ്ഥാന തൊഴിലാളികളും ആരോഗ്യ പ്രശ്നങ്ങളും</u>

*84. ശ്രീ.റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ്

ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകളിലെ വൃത്തിഹീനമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്യാമ്പുകളിലെ ശുചിത്വ നിലവാരത്തെക്കുറിച്ച് സുരക്ഷാ കേരളം പദ്ധതിയുടെ ഭാഗമായി പ്രത്യേക പരിശോധനകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്യാമ്പുകളിലെ ശുചിത്വമില്ലായ്മ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>വിനോദസഞ്ചാര വികസന പദ്ധതി</u>

*85. ശ്രീ.പി.ബി. അബ്ദുൾ റസാക്

,, പി.കെ.ബഷീർ

,, എൻ. ഷംസുദ്ദീൻ

,, അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളും വിദേശരാജ്യങ്ങളിലെ വിനോദസഞ്ചാരകേന്ദ്രങ്ങളും കൂട്ടിയിണക്കിയുള്ള വിനോദസഞ്ചാര വികസന പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ രാജ്യങ്ങളുമായി ചേർന്നാണ് ധാരണയുണ്ടാക്കി യിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമൂലം സംസ്ഥാന ടൂറിസം മേഖലയ്ക്കുണ്ടാകാനിടയുള്ള നേട്ടങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ആധാർ അടിസ്ഥാനമാക്കിയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ</u>

*86. ശ്രീ.എം.എ. വാഹീദ്

,, പി.എ.മാധവൻ

,, കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ആനുകൂല്യങ്ങൾ ആധാർ അടിസ്ഥാനമാക്കി ബാങ്ക് വഴി വിതരണം ചെയ്യുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനം വഴിയുള്ള ആനുകൂല്യങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഇതിനായി ഒരുക്കാൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാം ; സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>മറുനാടൻ തൊഴിലാളികളുടെ വാസകേന്ദ്രങ്ങളിലെ പരിശോധന</u>

*87. ശ്രീ.പി.കെ.ബഷീർ

,, അബ്ദുറഹിമാൻ രണ്ടത്താണി

,, എൻ. ഷംസുദ്ദീൻ

,, പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറുനാടൻ തൊഴിലാളികളുടെ വാസകേന്ദ്രങ്ങളിലെ പരിശോധനയിലെ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(ബി) കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ കേന്ദ്രങ്ങളിലെ തൊഴിലാളികളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും സ്ഥിതി നിരീക്ഷിക്കാനും പരിഹാര നടപടികൾ സ്വീകരിക്കാനും സ്ഥിരം സംവിധാനം ഒരുക്കുന്ന കാര്യം പരിശോധിക്കുമോ ?

<u>ഔഷധ വില നിയന്ത്രണം</u>

*88. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, എളമരം കരീം

,, ജെയിംസ് മാത്യു

ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഔഷധ വില നിയന്ത്രണ നിയമത്തിൽ ഇളവു വരുത്തിയത് സംസ്ഥാനത്ത് മരുന്നുകൾക്ക് വില കുതിച്ചുയരുവാൻ കാരണമായത് പരിശോധിച്ചിട്ടുണ്ടോ;

(ബി) സാധാരണക്കാരന് നിലവാരമുള്ള ആരോഗ്യസേവനം സാമ്പത്തിക ക്ലേശം കൂടാതെ നൽകുന്നതിന് 1977-ലെ ഔഷധ വില നിയന്ത്രണ നിയമത്തിന്റെ മാതൃകയിൽ സമഗ്രമായ നിയമം നടപ്പാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതിനുനടപടി സ്വീകരിക്കുമോ ;

(സി) ഔഷധ വിലക്കയറ്റത്തിൽ നിന്ന് ആശ്വാസം നൽകാനായി കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം വിപുലീകരിക്കാനും നവീകരിക്കാനും നടപടി സ്വീകരിക്കുമോ ?

<u>സ്വകാര്യ- സ്വാശ്രയ കോളേജുകൾ</u>

*89. ശ്രീ.സാജു പോൾ

,, കോടിയേരി ബാലകൃഷ്ണൻ

,, റ്റി.വി.രാജേഷ്

ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച് സ്വകാര്യ - സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുമായി ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ;

വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ 14 സ്വകാര്യ- സ്വാശ്രയ കോളേജുകളെ പ്രവേശന പരീക്ഷാ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയത് പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിലാണോ ; വിശദമാക്കാമോ ;

(സി) കഴിഞ്ഞ അക്കാദമിക് വർഷം ഏകപക്ഷീയമായി പ്രവേശനം നടത്തിയ കേരള പ്രൈവറ്റ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിലുള്ള കോളേജുകളെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് കോളേജുകളുടെ സമ്മതത്തോടെയാണോ ;എങ്കിൽ പ്രസ്തുത കോളേജുകളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നത് ഏതെങ്കിലും വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണോ ;

(ഡി) കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിലുള്ള കോളേജുകളെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഏതൊക്കെ വ്യവസ്ഥകൾക്ക് വിധേയമായാണ്?

## ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ

*90. ശ്രീ.വി.ഡി.സതീശൻ

,, കെ.അച്ചുതൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിന് വേണ്ടി ഉപയോഗപ്പെടുത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്തിയത് എങ്ങനെയാണെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കാൻ എടുത്ത നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
null

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].